**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 339** **01-02-2023 - ൽ മറുപടിയ്ക്ക്**

**കോറോം വില്ലേജിൽ ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിൽ ലൈഫ് മിഷന്റെ കീഴിൽ നിർമ്മാണം ആരംഭിച്ച ഫ്ലാറ്റ് സമുച്ചയം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത ഭവന സമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എപ്പോഴാണ്; നിലവിൽ പദ്ധതിയുടെ എത്ര ശതമാനം പൂർത്തിയാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (ബി) | 15.11.2021-ൽ ആണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. നിലവിൽ 5 ശതമാനമാണ് നിർമ്മാണ പുരോഗതി. |
| (സി) | നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് നിർമ്മാണ പ്രവൃത്തി വേഗതയിൽ ആക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് കമ്പോള വിലയിലുണ്ടായ വർദ്ധനവ് കാരണം കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചിരിക്കുകയാണ്. കരാറുകാരന് രണ്ട് കാരണം കാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുണ്ട്. നിർമ്മാണം പുനരാരംഭിക്കാത്തപക്ഷം നിർമ്മാണ കരാർ റദ്ദ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് എപ്പോൾ കൈമാറാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) | കരാറുകാരൻ നിർമ്മാണം പുനരാരംഭിക്കുന്നപക്ഷം 2023 ൽ പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കരാർ റദ്ദ് ചെയ്യേണ്ടി വന്നാൽ റീ-ടെണ്ടർ ക്ഷണിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിവരും. |

സെക്ഷൻ ഓഫീസർ